**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കേരള ബുക്ക്മാർക്ക് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുസ്തകം വിതരണം ചെയ്യുന്നതിനുള്ള സമയപരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.645/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,14.03.2013.**

---

പരാമർശം:- 1) സർക്കാരിന്റെ 5.09.2012 ലെ 38156/ഡിഎ2/12/തസ്വഭവ നമ്പർ കത്ത്.
2) കേരള ബുക്ക് മാർക്ക് സെക്രട്ടറിയുടെ 18.02.2013 ലെ എ/281/13/കെ.ബി.എം.എസ് നമ്പർ കത്ത്.
3) സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.03.2013 ലെ 3.6 നമ്പർ തീരുമാനം.

**ഉത്തരവ്**

കേരള ബുക്ക്മാർക്ക് വഴി 2013 മാർച്ച് 31 നകം പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനായി നേരിട്ടിട്ടുള്ള അസൗകര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 2013 മാർച്ച് 31 എന്ന സമയപരിധി 2013 ജൂൺ 31 ആക്കി ഉയർത്തി നൽകണമെന്ന് കേരള ബുക്ക്മാർക്ക് സെക്രട്ടറി പരാമർശം 2 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 07.03.2013 ലെ 3.6 നമ്പർ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള ബുക്ക്മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള തുക മുൻകൂറായി ട്രഷറിയിൽ നിന്നും പിൻവലിക്കാൻ അനുവദിച്ചും ബുക്ക്മാർക്കിന് നൽകുന്ന തുകയ്ക്കുള്ള പുസ്തകങ്ങൾ 2013 ജൂൺ 30 ന് മുൻപായി വിതരണം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.ജലീൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം.
സെക്രട്ടറി, കേരള ബുക്ക്മാർക്ക്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും,(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശ സ്വയംഭരണ(എ.എ,എ.ബി) വകുപ്പിന്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ